# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1506**      **13/6/2014** ൽ മറുപടിയ്ക്ക്

# രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റുന്നതിനുള്ള ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാത്യൂ.റ്റി. തോമസ്<br>ശ്രീമതി. ജമീല പ്രകാശം<br>ശ്രീ. ജോസ് തെറ്റയിൽ<br>,, സി . കെ . നാണു | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചു മാറ്റുന്നതിന് കർഷകർക്ക് ധനസഹായം നൽകുന്നതിന് നിലവിലുള്ള പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (എ) രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചു മാറ്റുന്നതിന് നാളികേര വികസന ബോർഡ് മുഖാന്തിരം ധനസഹായം ലഭ്യമാക്കുന്നുണ്ട്. ഒരു ഹെക്ടറിൽ പരമാവധി 32 തെങ്ങുകൾക്ക് 13,000/- രൂപ (പതിമൂന്നായിരം രൂപ മാത്രം) ധനസഹായം ലഭ്യമാണ്. ഒരു ഹെക്ടറിൽ ആദ്യത്തെ 20 തെങ്ങുകൾക്ക് 500 രൂപ നിരക്കിലും തുടർന്നുള്ള 12 തെങ്ങുകൾക്ക് 250 രൂപ നിരക്കിലുമാണ് ധനസഹായം നൽകുന്നത്. കൂടാതെ RKVY പദ്ധതി മുഖേനയും സംസ്ഥാന പദ്ധതിയായ കേരശ്രീ മുഖേനയും രോഗം ബാധിച്ചതും ഉല്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ചു മാറ്റുന്നതിന് ഒരു ഹെക്ടറിൽ പരമാവധി 10 തെങ്ങുകൾ വരെ എന്ന തോതിൽ തെങ്ങൊന്നിന് 500 രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിപ്രകാരം നാളിതു വരെ എത്ര കർഷകർ സംസ്ഥാനത്ത് ഒട്ടാകെ ധനസഹായത്തിന് അപേക്ഷ നല്കിയിട്ടുണ്ട് ; | (ബി) പ്രസ്തുത പദ്ധതികൾ പ്രകാരം നാളിതുവരെ 6,23,826 കർഷകർ ധനസഹായത്തിനായി അപേക്ഷിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | അപേക്ഷകരിൽ എത്ര കർഷകർക്ക് ധനസഹായം നൽകിയിട്ടുണ്ട്; | (സി) | അപേക്ഷകരിൽ 4,64,024 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. |
| (ഡി) | ശേഷിക്കുന്നവർക്ക് എപ്പോൾ ധന സഹായം കൊടുത്തുതീർക്കാൻ കഴിയും; | (ഡി) | ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ധനസഹായം നൽകി വരുന്നു. |
| (ഇ) | തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് ആവശ്യമായ ചെലവുമായിതാരതമ്യ പ്പെടുത്തുമ്പോൾ നൽകുന്ന ധന സഹായം വളരെ അപര്യാപ്തമാ ണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (എഫ്) | എങ്കിൽ ധനസഹായം വർദ്ധിപ്പിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ? | (എഫ്) | ഇക്കാര്യം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ